## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 690

06.02.2013ൽ
മറുപടിക്ക്

### കൊച്ചി - മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി.വി.രാജേഷ് | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പുമന്ത്രി) |
| (എ) കൊച്ചി മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി സംബന്ധിച്ച് എന്തൊക്കെ നപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കൊച്ചി മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചത്<br>1. പ്രാഥമിക സർവ്വേ നടത്തി വിദഗ്ദ്ധരുടെ അഭിപ്രായപ്രകാരം റൂട്ട് നിർണ്ണയം നടത്തി.<br>2. കേന്ദ്ര സർക്കാരിന്റെയും കമ്പനി ബോർഡിന്റെയും അനുമതി ലഭിച്ച ശേഷം പദ്ധതിപ്രവർത്തനങ്ങൾ ആരംഭിച്ചു.<br>3. കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ അനുബന്ധ സ്റ്റാറ്റ്യൂട്ടറി പെർമിഷനുകൾക്കായി അപേക്ഷ നൽകുകയും അതിനുള്ള പെർമിഷൻ ലഭിക്കുകയും ചെയ്തു.<br>4. 1962 ലെ പെട്രോളിയം ധാതു പൈപ്പ് ലൈൻ ആക്ട് പ്രകാരം കോമ്പിറ്റന്റ് അതോറിറ്റി (CA) യെ നിയമിക്കുകയും ആക്ട് പ്രകാരമുള്ള 3(1), 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് 7 ജില്ലകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായുള്ള Right of use (ROU) നടപടികൾ CA നടത്തിവരുന്നു.<br>5. പൈപ്പ് ലൈൻ പദ്ധതിക്കുള്ള പൈപ്പുകൾ നിർമ്മിച്ച് പൈപ്പ് യാർഡുകളിൽ വിന്യസിച്ചു കഴിഞ്ഞു.<br>6. പൈപ്പ്ലൈൻ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ കരാറടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്.<br>7. 31 സെക്ഷനൈസിംഗ് വാൽവ് (SV/IP) സ്റ്റേഷനുകൾക്ക് വേണ്ടിയുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിച്ചുകഴിഞ്ഞു.<br>8. കേരളത്തിൽ 900ൽ പരം റോഡ്, തോട്, പുഴ, റയിൽ മുതലായവ മുറിച്ചു കടക്കുവാനുള്ള അനുവാദം സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്.<br>ജനങ്ങളുടെ ആശങ്ക ഒഴിവാക്കാനായി ഗെയിൽ പഞ്ചായത്തു തലത്തിൽ ബോധവൽക്കരണവും |

| | | |
|---|---|---|
| | | പത്രമാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണവും നടത്തിക്കൊണ്ടിരിക്കുന്നു. |
| (ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | ബി) മേൽപറഞ്ഞ നടപടികൾ കണ്ണൂർ ജില്ലയുടെകാര്യത്തിലും സ്വീകരിച്ചിട്ടുണ്ട്. ജില്ലയിൽ വിന്യസിക്കേണ്ട 83.6 കി.മി. നീളത്തിലുള്ള പൈപ്പ്ലൈനിൽ, 66 കി.മീറ്ററിന്റെ ഹിയറിംഗ് കഴിഞ്ഞ് 6(1) നോട്ടിഫീക്കേഷൻ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ജില്ലയിലെ 6 SV/IP സ്റ്റേഷനുകൾക്കുവേണ്ടിയുള്ള ഭൂമിയുടെ പൊന്നുംവില നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| സി) ഭൂമി നഷ്ടപ്പെടുന്ന സ്ഥലമുടമകൾക്ക് എന്തൊക്കെ നഷ്ടപരിഹാരം നൽകുവാനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. വിശദാംശം നൽകുമോ? | സി) | സി) ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുന്ന സ്ഥലമുടമകൾക്ക് 1962 ലെ പെട്രോളിയം ധാതു പൈപ്പ് ലൈൻ ആക്ട് പ്രകാരം കോമ്പിറ്റന്റ് അതോറിറ്റി നിശ്ചയിക്കുന്ന സ്ഥലവിലയുടെ 10% വും കൃഷിനാശത്തിന് നിയമപ്രകാരമുള്ള നഷ്ടപരിഹാരവുമാണ് നൽകാൻ ഉദ്ദേശിക്കുന്നത്. ഇതിലേക്കായി നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുപുറമെ Right of use (ROU) വിലുള്ള ചമയങ്ങൾക്ക് നിയമാനുസരണമുള്ള നഷ്ടപരിഹാരം കോമ്പിറ്റന്റ് അതോറിറ്റി ഭൂവുടമകൾക്ക് നൽകികൊണ്ടിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**